പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3051** **20. 06. 2014-** ലെ മറുപടി

ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമ സഹായം

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വർക്കല കഹാർ
ശ്രീ. പി.എ മാധവൻ
ശ്രീ. കെ. ശിവദാസൻ നായർ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ & ബി) ഉണ്ട്. തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകി ജയിൽ മോചിതരാക്കി നാട്ടിലെത്തിക്കുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് യഥാസമയം ലഭ്യമാക്കുന്നതിനും, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. നിയമസഹായം ആവശ്യമുള്ള വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്.

പദ്ധതിയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

1. അർഹത

- വിദേശത്ത് തൊഴിൽ വിസയിൽ പോയിട്ടുള്ളവരായിരിക്കണം.
- വിസിറ്റ് / ഉംറ / ഹജ്ജ് വിസയിൽ വിദേശത്ത് പോകുന്നവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

- കുറ്റകൃത്യങ്ങൾക്ക് മുൻപ് ഗൾഫ് രാജ്യങ്ങളിൽ ജയിൽവാസം അനുഭവിച്ചവരായിരിക്കരുത്.
- വിദേശ രാജ്യങ്ങളിലെ കോടതികൾ വിധിക്കുന്ന ' ദിയ മണി ', കണ്ടുകെട്ടൽ, സാമ്പത്തിക ബാദ്ധ്യതകൾ, റിക്കവറി തുടങ്ങിയവയ്ക്ക് ഈ സഹായം ലഭ്യമായിരിക്കുന്നതല്ല.
- ജയിലിൽ കഴിയുന്ന പ്രവാസിയുടെ വാർഷിക കുടുംബ വരുമാനം അഞ്ച് ലക്ഷം രൂപയിൽ കവിയരുത്.

## 2. അപേക്ഷിക്കേണ്ട വിധം

- നിശ്ചിത അപേക്ഷ ഫാറത്തിൽ ജയിൽ വാസം അനുഭവിക്കുന്ന വ്യക്തി, അവരുടെ അടുത്ത ബന്ധുക്കൾ, സാമൂഹ്യ പ്രവർത്തകർ, വാളന്റിയേഴ്സ് തുടങ്ങിയവർക്ക് ഗുണഭോക്താവിനുവേണ്ടി നിയമ സഹായത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾക്കും ഇത്തരം കേസുകൾ പരിഗണനയ്ക്ക് നൽകാവുന്നതാണ്.
- നോർക്ക റൂട്ട്സിന്റെ website ൽ ലഭ്യമായ ഫാം പൂരിപ്പിച്ച് ceo@norkaroots.net എന്ന ഇ–മെയിലിലും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാം.

വിദേശ രാജ്യങ്ങളിലെ എംബസി എംപാനൽ ചെയ്ത അഡ്വക്കേറ്റ് മുഖേന നിയമ സഹായം ലഭ്യമാക്കുന്നതിന് വേണ്ടിവരുന്ന ചെലവ് പരമാവധി ഒരു കേസിന് 2 ലക്ഷം രൂപ വരെ അപേക്ഷകർക്ക് സഹായമായി നൽകാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കുന്ന പദ്ധതി വിദേശരാജ്യങ്ങളിൽ ഇന്ത്യൻ മിഷനുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

(ഡി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രവാസി നിയമസഹായ പദ്ധതി അർഹരായവർക്ക് ലഭ്യമാക്കുന്നതിന് വേണ്ടുന്ന പ്രചരണം നൽകുന്നതിനും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി നടത്തിപ്പിനായി ബന്ധപ്പെട്ട ഇന്ത്യൻ മിഷനുകളുടെ സഹകരണം അഭ്യർത്ഥിച്ചതിനോടൊപ്പം ആ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ